അംഗവൈകല്യം സംഭവിച്ച വിമുക്തഭടന്മാർക്കും സർവ്വീസിലിരിക്കെ മരിച്ചവരുടെ വിധവകൾക്കും; വിമുക്തഭടന്മാർക്കും സ്ഥലം വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനും വേണ്ടി ധനസഹായത്തിനുള്ള അപേക്ഷ

| | |
|---|---|
| 1. അപേക്ഷകന്റെ/ അപേക്ഷകയുടെ പേരും പൂർണ്ണ മേൽവിലാസവും | |
| 2. പരേതനായ/ അവശനായ വിമുക്തഭടന്റെ/ വിമുക്തഭടന്റെ പേരും റജിമെന്റൽ നമ്പരും റാങ്കും യൂണിറ്റും | |
| 3. a. മരിച്ച/ അവശത പറ്റിയ തിയതിയും അതിനുള്ള കാരണവും (യുദ്ധ സേവനത്തിലോ സൈനിക സേവനത്തിന്റെ മറ്റു കാരണങ്ങളാലോ എന്ന് സൈനിക അധികൃതർ നൽകിയ രേഖ പ്രകാരം)<br>b. വിമുക്തഭടൻ സൈനിക സേവനത്തിൽ നിന്ന് പിരിഞ്ഞ തിയതി | |
| 4. അപേക്ഷകന്റെ/ അപേക്ഷകയുടെ ജീവിച്ചിരിക്കുന്ന കുടുംബാംഗങ്ങളുടെ വിവരങ്ങൾ (അതായത്, ഭാര്യ/മക്കൾ/മാതാപിതാക്കൾ/സഹോദരന്മാർ/ സഹോദരിമാർ)അവരെല്ലാം ആശ്രിതരാണോ? | |
| 5. അപേക്ഷകൻ/ അപേക്ഷക വിവാഹിതനാണോ/ വിവാഹിതയാണോ, അല്ലയോ എന്ന്. | |
| 6. ഓരോ കുടുംബാംഗങ്ങളുടെയും തൊഴിലും വരുമാനവും | |
| 7. a. അപേക്ഷകന്/ അപേക്ഷകക്ക് സ്വന്തമായി ഭൂമിയോ/ ഭവനമോ ഉണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ്, താലൂക്ക്, ജില്ല ഇവയുടെ വിവരവും<br>b. വിമുക്തഭടൻ അപേക്ഷകനെങ്കിൽ ഭാര്യയുടെ പേരിൽ ഭൂമിയോ/ ഭവനമോ ഉണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം വില്ലേജ്, താലൂക്ക്, ജില്ല ഇവയുടെ വിവരവും | |

8. അപേക്ഷകന്/ അപേക്ഷകക്ക് സ്വന്തമായി സ്ഥലം ഇല്ലെങ്കിൽ താഴെ പറയുന്നവ പൂരിപ്പിക്കുക

| | |
|---|---|
| (i) വാങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലം സ്ഥിതി ചെയ്യുന്ന പഞ്ചായത്ത്, വില്ലേജ്, താലൂക്ക്, ജില്ല | |
| (ii) കരയുടെ പേര് | |
| (iii) സർവ്വേ നമ്പർ | |
| (iv) വാങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | |
| (v) സ്ഥലത്തിന്റെ വില | |
| (vi) വിൽക്കുന്ന ആളിന്റെ പേരും മേൽവിലാസവും | |
| 9. അപേക്ഷകന്റെ/ അപേക്ഷകയുടെ സാമ്പത്തിക നില (വസ്തുക്കളിൽ നിന്നുള്ള ആദായമുൾപ്പെടെ) | |
| 10. നിർമ്മിക്കാനുദ്ദേശിക്കുന്ന ഭവനത്തിന്റെ വിശദ വിവരവും നിർമ്മാണച്ചെലവും | |
| 11. ഈ ഗ്രാന്റിന് വേണ്ടി അപേക്ഷിക്കുന്ന തുക | |
| 12. അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന രേഖകൾ | |

## പ്രതിജ്ഞ

മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സത്യമാണെന്നും മേൽപറഞ്ഞ ഭവന നിർമ്മാണ ഗ്രാന്റ് അനുവദിക്കുന്ന പക്ഷം എന്തിന് വേണ്ടിയാണോ ആ തുക അനുവദിച്ചത് അതിന് മാത്രമായി ഉപയോഗപ്പെടുത്തുന്നതാണെന്നും ഞാൻ ഇതിനാൽ പ്രതിജ്ഞ ചെയ്തു കൊള്ളുന്നു.

സ്ഥലം: അപേക്ഷകന്റെ/ അപേക്ഷകയുടെ ഒപ്പ്

തിയതി:

ഭവന നിർമ്മാണ സഹായത്തിനു വേണ്ടി അപേക്ഷയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഞാൻ പരിശോധിച്ചു.

..............................................................രൂപക്കു വേണ്ടി ശുപാർശ ചെയ്യുന്നു.

താഴെ പറയുന്ന കാരണങ്ങളാൽ ആവശ്യപ്പെട്ട തുകയ്ക്ക് ശുപാർശ ചെയ്യാൻ സാധിച്ചിട്ടില്ല.

സ്ഥലം:

തിയതി:

ജില്ലാ സൈനിക ക്ഷേമ ആഫീസർ

## ജില്ലാ കളക്ടറുടെ ശുപാർശ

സ്ഥലം:

തിയതി:

ജില്ലാ കളക്ടർ

## സൈനിക ക്ഷേമ വകുപ്പു ഡയറക്ടറുടെ ശുപാർശ

സ്ഥലം:

തിയതി:

ഡയറക്ടർ

സൈനിക ക്ഷേമ വകുപ്പ്

## അപേക്ഷകന്/ അപേക്ഷകക്കുള്ളനിബന്ധനകൾ

1. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ കൂടി ഹാജരാക്കണം.

(i) (a) അപേക്ഷകൻ/ അപേക്ഷക സർട്ടിഫിക്കറ്റ് കൊടുക്കുന്ന തിയതി മുതൽ കഴിഞ്ഞ മൂന്ന് വർഷക്കാലമായും ഇപ്പോഴും ഭവന രഹിതനാണെന്ന് ബന്ധപ്പെട്ട വില്ലേജാഫീസറുടെ സർട്ടിഫിക്കറ്റ് (ഭവനം എന്നാൽ ഓലകെട്ടിയ, തറ സിമന്റ് ചെയ്യാത്ത മൺകുടിലുകൾ ഉൾപ്പെടുന്നില്ല).

(b) വിമുക്തഭടൻ അപേക്ഷകനാണെങ്കിൽ സ്വന്തം പേരിലോ ഭാര്യയുടെ പേരിലോ അപേക്ഷ കൊടുക്കുന്ന തിയതി മുതൽ കഴിഞ്ഞ അഞ്ചു വർഷമായി സ്വന്തമായ ഭവനമില്ലായെന്ന് ബന്ധപ്പെട്ട വില്ലേജാഫീസറുടെ സർട്ടിഫിക്കറ്റ്

(ii) തനിക്ക് സംസ്ഥാനത്ത് ഒരിടത്തും സ്വന്തമായി വീടുണ്ടായിരുന്നില്ലെന്നും ഇപ്പോഴും ഇല്ലെന്നും ഉള്ള അപേക്ഷകന്റെ പ്രഖ്യാപനം.

(iii) നിർമ്മിക്കാനുദ്ദേശിക്കുന്ന വീടിന്റെ പ്ലാനും എസ്റ്റിമേറ്റും (പൊതുമരാമത്ത് വകുപ്പിലെയോ ബ്ലോക്കിലെയോ/ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെയോ ജൂനിയർ എൻജിനീയർ സാക്ഷ്യപ്പെടുത്തിയത്.)

(iv) വീടു വയ്ക്കാനുദ്ദേശിക്കുന്ന ഭൂമി (കുറഞ്ഞത് മൂന്ന് സെന്റ് ) അപേക്ഷകന്റെ/ അപേക്ഷകയുടെ സ്വന്തം പേരിലും കൈവശാനുഭവത്തിലുമാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ബന്ധപ്പെട്ട വില്ലേജാഫീസറിൽ നിന്നും വാങ്ങിയത്).

(v) വസ്തുവിന്റെ ആധാരത്തിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി

(vi) ഭൂമിയുടെ കരം തീർത്ത രസീത്. (ഏറ്റവും ഒടുവിൽ അടച്ചത്).

(vii) സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം 10/- രൂപ മുദ്രപ്പത്രത്തിൽ കൊടുക്കേണ്ട സമ്മത പത്രം (ധനസഹായം അനുവദിച്ചതിനു ശേഷം കൊടുക്കേണ്ടതാണ്).

(viii) ബന്ധപ്പെട്ട റിക്കാർഡാഫീസിൽ നിന്നും കിട്ടിയിട്ടുള്ള ഡിസെബിലിറ്റി സർട്ടിഫിക്കറ്റിന്റെ/ മരണ സർട്ടിഫിക്കറ്റ്/ ഡിസ്ചാർജ്ജ്ബുക്ക്/ വിമുക്തഭടൻ ഐഡന്റിറ്റി കാർഡ് എന്നിവയുടെ പകർപ്പ്.

(ix) ബന്ധപ്പെട്ട വില്ലേജാഫീസറിൽ നിന്നും ലഭിച്ച വരുമാന സർട്ടിഫിക്കറ്റ്. (അപേക്ഷകന് വരുമാന പരിധി ബാധകമെങ്കിൽ മാത്രം)

നോട്ട്:- ഒന്നാം ഖണ്ഡികയിൽ (iv), (v) ,(vi) ഉപ ഖണ്ഡികളിൽ പറഞ്ഞിരിക്കുന്ന രേഖകൾ ഭൂമി സ്വന്തമായിട്ടുള്ളവർ ഹാജരാക്കിയാൽ മതി.

2. ഭവന നിർമ്മാണത്തിന് സ്വന്തമായി സ്ഥലം ഇല്ലാത്തവർ താഴെ പറയുന്ന രേഖകൾ കൂടി ഹാജരാക്കണം.

(i) തന്റെ വസ്തു (കുറഞ്ഞത് മൂന്ന് സെന്റ് ) അവശനായ വിമുക്തഭടന്/ വിധവയ്ക്ക് കൊടുക്കുവാൻ തീരുമാനിച്ച വിവരം കാണിക്കുന്ന സമ്മതപത്രം "വസ്തുവിന്റെ ഉടമസ്ഥനിൽ നിന്നും വാങ്ങിയത്" (വിൽക്കുന്ന തുക പ്രത്യേകം കാണിച്ചിരിക്കണം).

(ii) അപേക്ഷകൻ/ അപേക്ഷക വാങ്ങാനുദ്ദേശിക്കുന്ന ഭൂമിക്ക് തന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം യാതൊരു വിധ കടബാധ്യതയും ഉള്ളതായി കാണുന്നില്ലെന്ന് ബന്ധപ്പെട്ട വില്ലേജാഫീസറിൽ നിന്നും വാങ്ങിയ സർട്ടിഫിക്കറ്റ്.

(iii) മേൽപറഞ്ഞരണ്ടാം ഉപഖണ്ഡികയിലെ സർട്ടിഫിക്കറ്റ് വസ്തുവിന്റെ ഉടമസ്ഥനിൽ നിന്നും വാങ്ങിയത്.